(ബി) പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പരിപാടിയുടെ തുടർന്നുള്ള നടത്തിപ്പ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി അവസാനമായി 17-12-2013-ൽ കണ്ണൂർ ജില്ലയിൽ നടന്നു.

(ബി&സി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽനിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവ മുഖേന ഓൺലൈനായാണ് രണ്ടാംഘട്ടത്തിൽ പരാതികൾ സ്വീകരിച്ചത്. ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ നടപടി പുരോഗമിക്കുന്നു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഏകദേശം 94% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനം

40 (40) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കൂടിക്കാഴ്ചയിൽ നിവേദനത്തിലുന്നയിച്ച എന്തെങ്കിലും ആവശ്യത്തിന്മേൽ പ്രധാനമന്ത്രി അനുകൂലമായി പ്രതികരിക്കുകയോ, ഉറപ്പ് നൽകുകയോ ഉണ്ടായിട്ടുണ്ടോ ;

(സി) ഈ ആവശ്യങ്ങൾ മുൻ പ്രധാനമന്ത്രിയോടും മുൻ കേന്ദ്ര സർക്കാരിനോടും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ; ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം അക്കാലത്തുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF(Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) മുൻ കേന്ദ്ര സർക്കാരിനോടും ഇതിൽ ബഹുഭൂരിപക്ഷം ആവശ്യങ്ങളും നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയും ആയതിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന എല്ലാ കാര്യങ്ങളിലും മുൻ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ സമീപനമാണ് ലഭിച്ചിരുന്നത്.

സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

41 (41) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനത്തിലെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൽ ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ;

(സി) പ്രസ്തുത സംവിധാനം ഹാക്കിംഗ് പോലുള്ള പ്രശ്നങ്ങളിൽനിന്നും പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ തേടുകയും അവയ്ക്ക് മൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രാധാന്യമുള്ള ചിലത് ചുവടെ പറഞ്ഞിരിക്കുന്നു:

1. മലയാളം ലിപി പകർത്തുന്നതിലുള്ള ബുദ്ധിമുട്ട്.
2. കുറിപ്പുകൾ എഡിറ്റ് ചെയ്യുമ്പോൾ ഡ്രാഫ്റ്റുകൾ കാണാൻ കഴിയുന്ന സംവിധാനം.
3. ടെക്സ്റ്റ് എഡിറ്ററിലുള്ള അലൈൻമെന്റ് പ്രശ്നങ്ങൾ കൂടുതൽ ടെക്സ്റ്റ് എഡിറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തണം.
4. എല്ലാ ഓഫീസർമാർക്കും തപാൽ ട്രാക്കിംഗ് സംവിധാനം.
5. ഓഫീസർമാർക്ക് നെറ്റ്വർക്കുകൾ നിർമ്മിക്കാനുള്ള സൗകര്യം.
6. ഫയലുകൾ അയക്കുവാനായി ഓഫീസർമാരുടെ പദവി ടി.ഒ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly